II.ഇ. ബി. XII – കേരള നിയമസഭ/XII-4

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ-സംഗ്രഹം

2009 സെപ്റ്റംബർ 14, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

10 (*91&*100) കിസാൻ അഭിമാൻ പദ്ധതി

കൃഷി വകുപ്പുമന്ത്രി ( ശ്രീ. മുല്ലക്കര രത്നാകരൻ) നൽകിയ മറുപടി യിൽ, കിസാൻ അഭിമാൻ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടെന്നും പ്രതിമാസം 300/- രൂപാ നിരക്കിൽ യോഗ്യരായ 14582 കർഷകർക്ക് 2009 ആഗസ്റ്റ് മാസം മുതൽ പ്രതിമാസ പെൻഷൻ വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 31-1-2009-ലെ സർക്കാർ ഉത്തരവുപ്രകാരം കിസാൻ അഭിമാൻ പദ്ധതിക്ക് ഭരണാനുമതി നൽകുകയും. വിവിധ വാർത്താമാധ്യമ ങ്ങൾ മുഖേന വ്യാപകമായ പ്രചാരണം നൽകി സംസ്ഥാനത്തെ എല്ലാ കൃഷി ഭവനുകളിൽ കൂടി പദ്ധതി അംഗത്വത്തിനായുള്ള അപേക്ഷാ ഫാറങ്ങൾ വിതരണം ചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ 17083 അപേക്ഷകൾ പരിശോധിച്ചതിൽ നിന്നുമാണ് യോഗ്യരായ 14582 കർഷകരെ കണ്ടെത്തിയിട്ടുള്ളത്. ഒരു വർഷം ആകെ 250 പദ്ധതിയംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായമായി 25,000/- രൂപ വീതം

നൽകുന്നതാണ്. പദ്ധതിയുടെ തുടർ ഘട്ടങ്ങളിൽ പദ്ധതി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്ന കാര്യവും ഇതര വിഭാഗം കർഷകരേയും ഉൾപ്പെടുത്തുന്ന കാര്യവും പരിഗണിക്കുന്നതാണ്. പെൻഷൻ തുക എസ്. ബി. ടി. ശാഖകൾ മുഖേന വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ സമർപ്പണം 2009 ആഗസ്റ്റ് 17-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹി ക്കുകയും പദ്ധതിയുടെ ഉദ്ഘാടനം ആലപ്പുഴ മങ്കൊമ്പിൽ വച്ച് അന്നേ ദിവസം കൃഷി വകുപ്പുമന്ത്രി നടത്തുകയുമുണ്ടായി. പെൻഷൻ ലഭിക്കുന്ന പദ്ധതിയംഗം മരണമടഞ്ഞാൽ പെൻഷന്റെ പകുതി തുക കുടുംബ പെൻഷ നായി അനുവദിക്കും. ആദ്യ ഘട്ടത്തിലെ പെൻഷൻ നൽകുന്ന നടപടിക്രമ ങ്ങൾ പൂർത്തിയാക്കിയാലുടനെ മറ്റു വിളകൾ കൃഷി ചെയ്യുന്നവരെക്കൂടി ഉൾപ്പെടുത്താനുള്ള നടപടികൾ ആരംഭിക്കും. പദ്ധതി കാര്യക്ഷമമായി നടപ്പാ ക്കുന്നതിനായി ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കേരളത്തിലെ നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കർഷ കർക്കുള്ള അഭിമാനകരമായ ഒരു പദ്ധതിയാണിത്. അപേക്ഷകരിൽ ഭൂരി ഭാഗം പേരും പാലക്കാട് ജില്ലയിലുള്ളവരാണ്. നെൽകൃഷി വ്യാപകമാകുന്ന തനുസരിച്ച് ഈ പദ്ധതിയുടെ ആനുകൂല്യങ്ങളും അംഗങ്ങളുടെ എണ്ണവും കൂടുന്നതാണ്. നഷ്ടം സഹിച്ചും നെൽകൃഷി ചെയ്തുവന്ന കർഷകർക്ക് ഉപാധികൾക്ക് വിധേയമായിട്ടാണ് പെൻഷൻ കൊടുക്കുന്നത്. പത്തു വർഷ മായി പത്ത് സെന്റിലെങ്കിലും തുടർച്ചയായി നെൽകൃഷി ചെയ്തിട്ടുള്ളവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്. നെൽകൃഷി പ്രോൽസാഹിപ്പിക്കുന്ന കാര്യത്തിൽ മുന്തിയ പരിഗണനയാണ് ഗവണ്മെന്റ് നൽകുന്നത്. പലിശരഹിത വായ്പ, പെൻഷൻ പദ്ധതി, ഇൻഷ്വറൻസ് തുടങ്ങിയ എല്ലാ പരിരക്ഷയും

നെൽകർഷകർക്ക് നൽകുന്നുണ്ട്. സംസ്ഥാന ഗവൺമെന്റിന് പരിമിതികളുള്ള തുകൊണ്ട് ഒരു പൊതു പെൻഷൻ പദ്ധതി കേന്ദ്രത്തിൽ നിന്നുണ്ടാകുകയാണെങ്കിൽ കേരളത്തിലെ എല്ലാ കർഷകർക്കും പെൻഷൻ കൊടുക്കുന്ന രീതിയിലുള്ള ഒരു സംവിധാനം വളർത്തിക്കൊണ്ടുവരാൻ കഴിയും. പാലക്കാട് ജില്ലയിലെ മോഡേൺ റൈസ് മിൽ പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാക്കുന്നതാണ്. യുവ കർഷക പെൻഷൻ പദ്ധതി നടപ്പാക്കുന്നതിനെക്കറിച്ച് ഗവണ്മെന്റ് അലോചിച്ചുകൊണ്ടിരിക്കുകയാണ്. പിറവം നിയോജകമണ്ഡലത്തിലെ തോട്ടറ പുഞ്ചയിൽ നെൽകൃഷി ചെയ്യുന്നതിനുവേണ്ടി ആരംഭിച്ച പദ്ധതി പ്രാവർത്തികമാകുന്നതോടെ അവിടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. കഴിഞ്ഞ സാമ്പത്തിക വർഷം 13,205 ഹെക്ടർ സ്ഥലത്ത് അധികമായി കൃഷി ചെയ്യുകയും 70,000-ത്തിലധികം ടൺ നെൽ അധികമായി ഉൽപ്പാദിപ്പിക്കാനും കഴിഞ്ഞ സീസണിൽ രണ്ട് ലക്ഷത്തിലധികം നെൽ സംഭരിക്കാനും സാധിച്ചിട്ടുണ്ട്. സഹകരണ വകുപ്പുമായി ആലോചിച്ച് കൃഷിക്കാർക്ക് സംഭരണ വില സമയത്തിന് ലഭിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇറിഗേഷൻ, വൈദ്യുതി, ബാങ്കിംഗ് സംവിധാനം എന്നിവയെല്ലാം കൂട്ടിയോജിപ്പിച്ചുകൊണ്ട് കഴിഞ്ഞ വർഷം പത്തനംതിട്ട ജില്ലയിൽ 1482 ഹെക്ടറിൽ പുതിയതായിട്ട് നെൽകൃഷി ചെയ്യാൻ സാധിച്ചു. ആസിയാൻ കരാറുമായി ബന്ധപ്പെട്ട കാര്യങ്ങൾ കേരളവുമായി ചർച്ച ചെയ്യണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടുകയും കരാറുമായി ബന്ധപ്പെട്ട പരിരക്ഷാ പാക്കേജ് അവിഷ്ക്കരിക്കുന്നതിനുള്ള സമ്മർദ്ദം ചെലുത്തുന്നതുമാണ്. കൂടാതെ ഈ കരാറുമായി ബന്ധപ്പെട്ട് 23-ാം തീയതി എല്ലാ കക്ഷിയിലുംപെട്ട കർഷക പ്രതിനിധികളുടെ ഒരു യോഗം വിളിച്ച് ചർച്ച ചെയ്യുന്നതാണ്. പമ്പിംഗ് സബ്സിഡി റേറ്റിൽ മാറ്റം വരുത്തുന്ന കാര്യവും

എറണാകുളം ജില്ലയിലെ പൊക്കാളി മേഖലയൊഴിച്ചുള്ള സ്ഥലങ്ങളിൽ നെൽ സംഭരണ സംവിധാനം കൊണ്ടുവരുന്ന കാര്യവും അനുകൂലമായ റിപ്പോർട്ട് ലഭ്യമായാൽ പൊന്നാനി കോൾമേഖലയിൽ ബസുമതി കൃഷി ചെയ്യുന്ന കാര്യവും പരിഗണിക്കുന്നതാണ്. കാട്ടാമ്പള്ളി പ്രദേശത്തെ ഊർജ്ജിത നെൽകൃഷി വികസന പദ്ധതിയുടെ പ്രോജക്ട് ലഭ്യമായാൽ ധന കാര്യവകുപ്പിൽ നിന്ന് സാംഗ്ഷൻ വാങ്ങി ഈ വർഷം തന്നെ പദ്ധതി നടപ്പാക്കുന്നതാണെന്നും വളം സബ്സിഡിയുടെ കാര്യത്തിൽ എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അവ പരിഹരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് ഉത്തരമായി മന്ത്രി വ്യക്തമാക്കി

11 (*92) <u>സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറിയുടെ സംഭരണവും വിതരണവും</u>

കൃഷി വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് അതാത് മേഖലകളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ കർഷകരിൽ നിന്നും കർഷക സംഘങ്ങളിൽ നിന്നും ഹോർട്ടികോർപ്പ് നേരിട്ട് സംഭരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വിതരണം ചെയ്തുവരുന്നുണ്ടെന്നും കർഷകർ അവരുടെ ഉല്പന്നങ്ങൾ വി.എഫ്.പി.സി.കെ-യുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചു വരുന്ന സ്വാശ്രയ വിപണികളിൽ സംഭരിച്ച് മൊത്തക്കച്ചവടക്കാർക്ക് വിപണനം നടത്തുകയാണെന്നും സഭയെ അറിയിച്ചു. ഏകദേശം 4350 മെട്രിക് ടൺ പച്ചക്കറികൾ ആഭ്യന്തര വിപണിയിൽ നിന്ന് ഹോർട്ടികോർപ്പ് ഓരോ വർഷവും സംഭരിച്ചുവരുന്നു. ഈ സാമ്പത്തിക വർഷം ആഗസ്റ്റ് 15 വരെ ഉദ്ദേശം 1630 മെട്രിക് ടൺ പച്ചക്കറികൾ സംഭരിച്ചിട്ടുണ്ട്. ഈ സാമ്പത്തികവർഷം ആഗസ്റ്റ് മാസത്തിനുശേഷമാണ് വി.എഫ്.പി.സി.കെ. വിപണിയിൽ കൂടുതൽ പച്ചക്കറികൾ എത്തിയത്. ഈ കാലയളവിൽ 227

സ്വാശ്രയകർഷക വിപണികളിലൂടെ 8035 ടൺ പച്ചക്കറികൾ വിപണനം നട ത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷം ഈ വിപണികളിലൂടെ 86593 ടൺ പച്ചക്കറി കൾ വിപണനം നടത്തിയിട്ടുണ്ട് സംഭരിക്കുന്ന പച്ചക്കറികൾ വിപണനകേന്ദ്ര ത്തിൽ എത്തിച്ച് അപ്പപ്പോൾ തന്നെ വിൽക്കുകയാണ്. പല പച്ചക്കറി ഇന ങ്ങളും കേട് കൂടാതെ സൂക്ഷിക്കാൻ വേണ്ട സംവിധാനങ്ങൾ ഹോർട്ടി കോർപ്പിന്റെ നിലവിലുള്ള എട്ട് മേഖലാ സംഭരണ കേന്ദ്രങ്ങളിലും ലഭ്യമാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷമാണ് സംഭരണപ്രക്രിയ മെച്ചപ്പെ ടുത്താനും വിപുലപ്പെടുത്താനും തീരുമാനിച്ചത്. കേരളത്തിലെ 6 മാർക്കറ്റുക ളുമായി ബന്ധപ്പെട്ട സംഭരണ സംവിധാനം നിലവിലുണ്ട്. 6 ജില്ലകൾ കേന്ദ്രീ കരിച്ചുകൊണ്ട് ഹോർട്ടികൾച്ചർ മിഷനും സിയാലും ചേർന്ന ഒരു സംഭരണ-മാർക്കറ്റിംഗ് സംവിധാനം ഇപ്പോഴുണ്ട്. പച്ചക്കറി ഉൽപ്പാദനത്തിൽ കേരളം മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. ഗവണ്മെന്റ് സംവിധാനം കൂടാതെ പഞ്ചായത്തുകളുടെ പ്രാദേശിക ഭരണസമിതികൾ, കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ പച്ചക്കറി ഉൽപ്പാദനത്തിൽ വർദ്ധനവുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം വിത്ത് വിതരണത്തിന്റെ കാര്യത്തിൽ 60 ശതമാനം വർദ്ധനവുണ്ടായി ട്ടുണ്ട്. 2011 ആകുമ്പോൾ ചില പച്ചക്കറികളുടെ കാര്യത്തിൽ കേരളം സ്വയം പര്യാപ്തതയിലെത്തും. നാടൻ പച്ചക്കറികൾ വ്യാപകമായി വില കുറച്ച് വിതരണം ചെയ്യാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഈ വർഷം 20,000 ഹെക്ടറിൽ പുതിയതായി തരിശുകൃഷിയും 2,000 ഹെക്ടറിൽ കരകൃഷിയും ചെയ്യാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഈ വർഷം ഒരു നിയോജകമണ്ഡ ലത്തിലെ ഒരു പഞ്ചായത്തിൽ എല്ലാ വീട്ടിലും പച്ചക്കറി വിത്ത് എത്തിച്ചു കൊണ്ട് പച്ചക്കറി കൃഷി ഉറപ്പാക്കാനുള്ള സംവിധാനം ഒക്ടോബർ മാസ

ത്തോടുകൂടി ആരംഭിക്കുന്നതാണ്. കാലാവസ്ഥാ വ്യതിയാനം കൊണ്ട് വാഴകൾക്കുണ്ടാകുന്ന രോഗകാരണങ്ങൾ പരിശോധിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് യൂണിവേഴ്സിറ്റിയോടും മറ്റ് ഗവേഷണ സ്ഥാപനങ്ങളോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഇടുക്കി ജില്ലയിലെ കാർഷിക വിപണികൾക്കു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചും ഹോർട്ടി കോർപ്പിന്റെ കീഴിൽ ഗുരുവായൂരിൽ പ്രവർത്തിക്കുന്ന മാർക്കറ്റിൽ പച്ചക്കറി സംഭരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ചും പരിശോധിക്കുന്നതാണെന്ന് ഉപ ചോദ്യങ്ങൾക്ക് ഉത്തരമായി മന്ത്രി അറിയിച്ചു.

12(*93) <u>സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് സ്ക്കൂളുകളിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്</u>

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) നൽകിയ മറുപടിയിൽ, വിദ്യാഭ്യാസ വകുപ്പിന്റെ കണക്കുപ്രകാരം ഗവൺമെന്റ് സ്ക്കൂളുകളിൽ 2008-09 വർഷത്തേക്കാൾ 41642 കുട്ടികളുടെയും എയ്ഡഡ് സ്ക്കൂളുകളിൽ 38073 കുട്ടികളുടെയും കുറവുണ്ടായിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കഴിയുന്നത്ര അദ്ധ്യാപകരെ നിലനിറുത്തുന്നതിനായി അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 2009-10 വർഷത്തേയ്ക്ക് കൂടി തസ്തിക നഷ്ടപ്പെടുന്നിടങ്ങളിൽ 1:40 ആയി കുറച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനങ്ങളുടെയും എം.എൽ.എ.-എം.പി. മാരടക്കമുള്ള ജനപ്രതിനിധികളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള ജനകീയ കൂട്ടായ്മ നടത്തുന്നുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനുള്ള ഇത്തരം കൂട്ടായ്മകൾക്ക് ആവശ്യമായ പ്രോത്സാഹനം സർക്കാർ നൽകുന്നുണ്ട്. സ്ക്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കൽ, ഉച്ചഭക്ഷണ പരിപാടി മെച്ചപ്പെടുത്തൽ, ശിശു സൗഹൃദ രീതിയിലുള്ള പാഠ്യപദ്ധതി

പരിഷ്ക്കരണം, അദ്ധ്യാപന രംഗത്തുണ്ടാകുന്ന നവീനങ്ങളായ രീതി ശാസ്ത്ര ങ്ങളെ പരിചയപ്പെടുത്തുവാൻ അദ്ധ്യാപകരെ സഹായിക്കുന്നതിന് ചിട്ടയായ അദ്ധ്യാപക പരിശീലനങ്ങൾ എന്നിവ നടപ്പാക്കുന്നുണ്ട്. സ്ക്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പി.ടി.എ., തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ എസ്.എസ്.എ. വഴിയും ഇത്തരം നടപടികൾ സ്വീകരിക്കുന്നുണ്ട്. പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും കരിക്കുലം കാലോചിതമായി പരിഷ്ക്കരിക്കുന്നതിനും അദ്ധ്യാപക പരിശീലനങ്ങൾ ചിട്ടപ്പെടുത്തി നടത്താനും നടപടികൾ സ്വീകരിച്ചുവരുന്നു. അദ്ധ്യാപക പരിശീലനത്തിന് പ്രാധാന്യം കൊടുത്ത് നല്ല രീതിയിൽ നടത്താനുള്ള ശ്രമ മാണ് നടത്തുന്നത്. കേന്ദ്രീയ വിദ്യാലയങ്ങൾ, നവോദയ വിദ്യാലയങ്ങൾ, സൈനിക വിദ്യാലയങ്ങൾ എന്നിവിടങ്ങളിൽ പ്രവേശനത്തിന് വൻതോതിൽ വർദ്ധനവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല ഭൗതിക സാഹചര്യങ്ങളുടെ മികവാണ് കേന്ദ്രീയ വിദ്യാലയങ്ങളുടെ സവിശേഷത. വലിപ്പമുള്ള ക്ളാസ്മുറികൾ, ലൈബ്രറി, വിവിധ വിഷയങ്ങൾക്കുള്ള ലബോറട്ടറികൾ, ആക്ടിവിറ്റി റൂം, ആർട്ട്റൂം, വർക്ക്ഷോപ്പ് തുടങ്ങി കുട്ടികൾക്ക് സ്വച്ഛന്ദമായി പഠനാനുഭവങ്ങൾ നേടാൻ അനുയോജ്യമായ ഭൗതിക പരിസരം കേന്ദ്രീയ വിദ്യാലയങ്ങളിലുണ്ട്. ആറുമുതൽ 12 വരെ രണ്ട് ഡിവിഷൻ വീതമുള്ള ഒരു കേന്ദ്രീയ വിദ്യാലയത്തിൽ 14 ക്ളാസ് മുറികൾ കൂടാതെ 22 അനുബന്ധ മുറി കളും ഉണ്ട്. കേരളത്തിലെ മുഴുവൻ സ്ക്കൂളുകളെയും ഈ തരത്തിലേക്ക് ഉയർത്താൻ വിഭവപരിമിതിയുണ്ടെങ്കിലും നിലവിലുള്ള വിദ്യാലയങ്ങളുടെ ഭൗതികാന്തരീക്ഷം ഉയർത്താനുള്ള ബോധപൂർവ്വമായ ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും. 2004-05 വർഷത്തിൽ അൺ എയ്ഡഡ് സ്ക്കൂളുക

ളിലെ വിദ്യാർത്ഥി പ്രവേശനത്തിൽ 7.23 ശതമാനം വർദ്ധനവുണ്ടായിരുന്ന സ്ഥാനത്ത് ഈ വർഷം അത് 1.38 ശതമാനം കണ്ട് കുറവുണ്ടായിട്ടുണ്ട്. എസ്.എസ്.എ. പോലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കാനായി നീക്കി വയ്ക്കുന്ന തുകയുടെ ഇരട്ടി തുക സംസ്ഥാന ഗവണ്മെന്റ് ചെലവാക്കി ക്കൊണ്ടിരിക്കുകയാണ്. ഒന്നാം തരം മുതൽ കളിയോടൊപ്പം ഇംഗ്ലീഷ് ഉൾപ്പെടെയുള്ള ഭാഷകൾ കുട്ടികളെ പഠിപ്പിക്കാനുള്ള തീരുമാനമെടുത്തിട്ടു ണ്ടെന്നും അതിനായി ലളിതമായ പാഠപുസ്തകങ്ങൾ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ടെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തിമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 601 മുതൽ 879 വരെയുള്ള ചോദ്യങ്ങളിൽ 42 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)